ജോധ്പൂർ 2003-ൽ നടത്തിയ പഠനത്തിൽ പ്രകാരം റിസർവോയറിന്റെ ലൈവ് കപ്പാസിറ്റി (Live Capacity) 423.953 M cum (മില്ല്യൻ ക്യൂബിക് മീറ്റർ) നിന്നും 376.705 M.cum ആയി കുറഞ്ഞതായി കണ്ടെത്തി. സംഭരണശേഷിയിൽ വന്ന കുറവ് 47.248 M.cum (11.14%) ആണ്.

പഴശ്ശി ബാരേജിന്റെ ചോർച്ച തടയാനുള്ള നടപടി

34 (2132) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജകമണ്ഡലത്തിലെ പഴശ്ശി ബാരേജിന്റെ എത്ര ഷട്ടറുകൾക്കാണ് ചോർച്ചയുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബാരേജിനിലെ ചോർച്ചയുള്ള മുഴുവൻ ഷട്ടറും മാറ്റി പുതിയത് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് അനുവദിച്ച തുക എത്രയാണെന്ന് വിശദീകരിക്കുമോ ;

(സി) പഴശ്ശി ബാരേജിൽ മറ്റെന്തൊക്കെ മെയിന്റനൻസ് നടത്താൻ തുക അനുവദിച്ചുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പേരാവൂർ നിയോജകമണ്ഡലത്തിലെ പഴശ്ശിബാരേജിന്റെ 16 ഷട്ടറുകളിൽ 2 എണ്ണത്തിൽ (രണ്ടാമത്തെയും എട്ടാമത്തെയും) 2009-ൽ ചോർച്ച കാണുകയും എമർജൻസി ഷട്ടർ സ്ഥാപിച്ച് ജലം സംഭരിക്കുകയും ചെയ്തു. 2010 നവംബറിൽ 10-ാമത്തെ ഷട്ടർ ചോർച്ച ബാധിച്ചതായി കാണുകയും അത് അറ്റകുറ്റപ്പണി ചെയ്ത് നന്നാക്കുവാൻ മെക്കാനിക്കൽ വിംഗിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ബാരേജിലെ രണ്ടാമത്തെയും എട്ടാമത്തെയും ഷട്ടർ മാറ്റി സ്ഥാപിക്കുന്നതിന് മെക്കാനിക്കൽ വിംഗിനെ ഏൽപ്പിച്ചിട്ടുണ്ട്. ആയതിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 14 ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിന് 5.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) പഴശ്ശി പദ്ധതിക്കായി 2010-11-ൽ 1.10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഷട്ടറുകളുടെ അറ്റകുറ്റപണികൾക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

മലയടിവാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

35 (2133) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ള മലയടിവാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തുടങ്ങുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly